സമിതിയും ബ്ലോക്ക് പഞ്ചായത്തുകളുടേയും ജില്ലാ പഞ്ചായത്തിന്റേയും ജില്ലാതല സമിതിയും മുനിസിപ്പാലിറ്റികളുടേത് മുനിസിപ്പൽതല സമിതിയും കോർപ്പറേഷന്റേത് കോർപ്പറേഷൻതലസമിതിയുമാണ് പരിശോധിക്കുന്നതും സാങ്കേതിക അനുവാദം നൽകുന്നതും.

(സി) 1996-97-ൽ വിദഗ്ധസമിതികൾ നിലവിലില്ലായിരുന്നു. മറ്റ് വർഷങ്ങളിൽ വിദഗ്ധ സമിതികൾക്കുവേണ്ടി ആകെ ചെലവായ തുകയുടെ വിവരം ചുവടെ നൽകുന്നു.

വർഷം	വിദഗ്ധസമിതികൾക്ക് ചെലവായ തുക (ലക്ഷം രൂപ)
1997-98	22.40
1998-99	44.47
1999-2000	70.21

(ഡി) 2000-2001-ൽ ഇതുവരെ ആകെ ചെലവ് 49.70 ലക്ഷം രൂപയാണെന്ന് കണക്കാക്കുന്നു.

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട വിദേശ പര്യടനം

39 (972) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് പ്ലാനിംഗ് ബോർഡിന്റെ ആഭിമുഖ്യത്തിൽ ഏതാനുംപേർ വിദേശപര്യടനം നടത്തുക ഉണ്ടായോ ;

(ബി) ആരെല്ലാമാണ് ഇത്തരത്തിൽ വിദേശ പര്യടനം നടത്തിയത് ;

(സി) അവർക്ക് പ്ലാനിംഗ് ബോർഡുമായുള്ള ബന്ധമെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവരുടെ കൂട്ടത്തിൽ പ്ലാനിംഗ് ബോർഡിൽ നിന്നുള്ള എത്ര ജീവനക്കാരും ഉദ്യോഗസ്ഥൻമാരും ഉണ്ടായിരുന്നു എന്നറിയിക്കുമോ ;

(ഇ) ഇപ്രകാരം പര്യടനം നടത്തിയവർ ഏതെല്ലാം രാജ്യങ്ങൾ സന്ദർശിച്ചു എന്നും ഇവർക്ക് ഓരോരുത്തർക്കും വേണ്ടി വിദേശ പര്യടനാർത്ഥം ഗവൺമെന്റിന് എന്ത് ചെലവ് വന്നുവെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല

(ബി-ഇ) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly